മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 60
ഫോൺ: 0481 - 2733298

2022 നവംബർ 15

# വാർത്താക്കുറിപ്പ്

---

## പരീക്ഷകൾക്ക് അപേക്ഷിക്കാം

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. (2020 അഡ്മിഷൻ റഗുലർ, 2019,2018,2017 അഡ്മിഷൻ റീ-അപ്പിയറൻസ്), അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. സൈബർ ഫോറൻസിക് (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ റീ-അപ്പിയറൻസ്) ബിരുദ പരീക്ഷകൾക്ക് നവംബർ 18 മുതൽ 23 വരെ പിഴയില്ലാതെ അപേക്ഷ നൽകാം.
പിഴയോടു കൂടി നവംബർ 24 നും സൂപ്പർഫൈനോടു കൂടി നവംബർ 25 നും അപേക്ഷ സ്വീകരിക്കും. ഫീസ്, അപേക്ഷ സമർപ്പിക്കേണ്ട വിധം തുടങ്ങിയയുടെ വിശദാംശങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.
................................

അഞ്ചാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ-സി.ബി.സി.എസ് ബി.എ, ബി.കോം (2020 അഡ്മിഷൻ റഗുലർ, 2019, 2018, 2017 അഡ്മിഷൻ റീ-അപ്പിയറൻസ്) പ്രോഗ്രാമുകൾക്ക് നവംബർ 16 മുതൽ 22 വരെ പിഴയില്ലാതെ അപേക്ഷ നൽകാം.

പിഴയോടു കൂടി നവംബർ 23 മുതൽ 24 വരെയും സൂപ്പർഫൈനോടു കൂടി നവംബർ 25 നും അപേക്ഷ സ്വീകരിക്കും. ഒരു പേപ്പറിന് 40 രൂപ നിരക്കിൽ സി.വി. ക്യാമ്പ് ഫീസ് പരീക്ഷാ ഫീസിനൊപ്പം അടയ്ക്കണം. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.
................................................

ആറാം സെമസ്റ്റർ ബി.വോക്. (2018, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി- പുതിയ സ്കീം) ബിരുദ പരീക്ഷകൾക്ക് ഡിസംബർ ആറു മുതൽ എട്ടു വരെ പിഴയില്ലാതെ അപേക്ഷ നൽകാം.
പിഴയോടു കൂടി ഡിസംബർ ഒൻപതു മുതൽ 12 വരെയും സൂപ്പർ ഫൈനോടു കൂടി ഡിസംബർ 13 നും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.
...............................................

ഡിസംബർ അഞ്ചിന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി. (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെന്ററി, 2019, 2018, 2017 അഡ്മിഷനുകൾ

മെഴ്സി ചാൻസ്) ബിരുദ പരീക്ഷകൾക്ക് പിഴ കൂടാതെ നവംബർ 23 വരെയും പിഴയോടു കൂടി നവംബർ 24 നും സൂപ്പർഫൈനോടു കൂടി നവംബർ 25 നും അപേക്ഷ നൽകാം.
(പി.ആർ.ഒ./39/1625/2022)

## അപേക്ഷാ തീയതി പുനക്രമീകരിച്ചു

ഡിസംബർ ഒൻപതിന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.വോക് (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019, 2018 അഡ്മിഷനുകൾ സപ്ലിമെന്ററി - പുതിയ സ്കീം) പരീക്ഷകൾക്ക് പിഴ കൂടാതെ നവംബർ 28 മുതൽ 30 വരെയും പിഴയോടു കൂടി ഡിസംബർ ഒന്നിനും ഡിസംബർ രണ്ടിനും അപേക്ഷ നൽകാം. ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.
(പി.ആർ.ഒ./39/1626/2022)

## പരീക്ഷകൾ മാറ്റി

ഒന്നു മുതൽ നാലു വരെ വർഷ ബി.ഫാം (2014, 2015 അഡ്മിഷൻ സപ്ലിമെന്ററി, 2011 മുതൽ 2013 വരെ അഡ്മിഷൻ ഒന്നാം മെഴ്സി ചാൻസ്, 2003 മുതൽ 2010 വരെ അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ് - ജൂലൈ 2022) ബിരുദ പരീക്ഷയുടെ നവംബർ 14, 15, 16, 18 തീയതികളിൽ നടത്താനിരുന്ന പ്രാക്ടിക്കൽ, വൈവ വോസി പരീക്ഷകൾ യഥാക്രമം നവംബർ 21, 22, 24, 26 തീയതികളിലേയ്ക്ക് മാറ്റി വച്ചു. പുതുക്കിയ ടൈം ടേബിൾ വെബ്സൈറ്റിൽ.

...........................

ഈ വർഷം ഓഗസ്റ്റിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.വോക് ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ(റെഗുലർ/റീ അപ്പിയറൻസ്) പരീക്ഷയുടെ ഭാഗമായി നവംബർ 17ന് നടത്താനിരുന്ന പ്രാക്ടിക്കൽ പരീക്ഷ നവബർ 21ലേക്ക് മാറ്റി. പുതിയ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1627/2022)

## പരീക്ഷാ ഫലം

കഴിഞ്ഞ വർഷം(2021) നവംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (സപ്ലിമെന്ററി, മെഴ്സി ചാൻസ് - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ 26 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

....................................

രണ്ടാം സെമസ്റ്റർ എം.എ ഹിന്ദി പി.ജി.സി.എസ്.എസ് സപ്ലിമെന്ററി പരീക്ഷയുടെ(ജനുവരി 2022, 2019നു മുൻപുള്ള അഡ്മിഷൻ) ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും

സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ നവംബർ 17 വരെ അപേക്ഷ നൽകാം.
(പി.ആർ.ഒ./39/1628/2022)

## പ്രൊജക്റ്റ് അസോസിയേറ്റ് ഒഴിവ്

അതിഥി തൊഴിലാളികളുടെ ആരോഗ്യപരിപാലനത്തിൽ സാമൂഹ്യ സ്ഥാപനങ്ങളുടെയും സാങ്കേതിക ഇടപെടലുകളുടെയും പ്രഭാവം എന്ന പ്രോജക്ടിൽ മഹാത്മാ ഗാന്ധി സർവകലാശാലയിൽ അസോസിയേറ്റ് ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. സോഷ്യൽ സയൻസ് വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമാണ് അടിസ്ഥാന യോഗ്യത.

ഉയർന്ന യോഗ്യതയുള്ളവർക്ക് മുൻഗണന ലഭിക്കും. ഡേറ്റ അനാലിസിസ് സോഫ്റ്റ് വെയറുകളിൽ മികച്ച പരിജ്ഞാനം ഉണ്ടായിരിക്കണം. imwasthismgu@gmail.com ഇമെയിൽ വിലാസത്തിൽ നവംബർ 25 വൈകുന്നേരം അഞ്ചിനു മുൻപ് അപേക്ഷ അയയ്ക്കണം.
(പി.ആർ.ഒ./39/1629/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**